## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3506 — 19.10.2016 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളുടെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കേരള എൻ.ഐ.സി. മുഖേന ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുകയാണ്. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലേക്കും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന്റെ ആദ്യഘട്ടമായി എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും മൂന്ന് മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും ജില്ലാതലം വരെയുള്ള 25 സബ് ഓഫീസുകളിലും പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കൾ വഴി കൂടുതൽ പേർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | ബി | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ അറിയിക്കുന്ന ഒഴിവുകൾക്ക് പുറമെ, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി, ജില്ലാതലത്തിൽ ജോബ് ഫെയറുകളും സംസ്ഥാനതലത്തിൽ "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ